മാതൃഭൂമി
സത്യം സമത്വം സ്വാതന്ത്ര്യം

വെല്ലുവിളികൾ ഏറ്റെടുക്കുന്നവർക്കേ
വിജയം ആഘോഷിക്കാനാകൂ
◆ ജനറൽ ജോർജ് എസ്. പാറ്റൺ ◆

## പൊതുമേഖലയ്ക്ക് പുതിയ കരുത്ത്

**സം**സ്ഥാന വ്യവസായവകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾക്ക് 2009-10 സാമ്പത്തികവർഷം 239.75 കോടി രൂപ ലാഭമുണ്ടാക്കാൻ കഴിഞ്ഞുവെന്നത് വലിയ നേട്ടം തന്നെയാണ്. പൊതുമേഖല എല്ലാനിലയ്ക്കും സംരക്ഷിക്കപ്പെടണമെന്നാഗ്രഹിക്കുന്നവർക്കെല്ലാം അത് ആഹ്ലാദമുണ്ടാക്കും. 2005-06 ൽ 43 സ്ഥാപനങ്ങളിൽ 12 എണ്ണം മാത്രമാണ്, ലാഭമുണ്ടാക്കിയതെങ്കിൽ ഇപ്പോൾ വകുപ്പിനു കീഴിലുള്ള 37 സ്ഥാപനങ്ങളിൽ 32 എണ്ണവും ലാഭത്തിലായിരിക്കുന്നുവെന്നാണ് മന്ത്രി എളമരം കരീം പറഞ്ഞത്. ഈ പുരോഗതി പൊതുമേഖലയ്ക്കാകെ പുതിയ ഉണർവേകും. നാടിൻെറയും ജനങ്ങളുടെയും താത്പര്യങ്ങൾ സംരക്ഷിക്കാൻ, നല്ലനിലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ആവശ്യമാണ്. ഉത്പാദനം, വിപണനം, വില, തൊഴിലാളികളുടെ സേവന, വേതനവ്യവസ്ഥകൾ എന്നിവയുടെ കാര്യത്തിൽ മാതൃകകളായ ഒട്ടേറെ പൊതുമേഖലാ സ്ഥാപനങ്ങൾ നമുക്കുണ്ടായി. അവയിൽ പലതും തളരുകയോ നഷ്ടത്തിലാകുകയോ ചെയ്തത് കെടുകാര്യസ്ഥത, ഭരണാധികാരികളുടെ അവഗണന, നവീകരണമില്ലായ്മ തുടങ്ങിയ കാരണങ്ങൾകൊണ്ടാണ്.

വേണ്ടത്ര സ്ഥലവും സൗകര്യങ്ങളും വികസനസാധ്യതകളുമുള്ള പൊതുമേഖലാസ്ഥാപനങ്ങൾപോലും നശിക്കാൻ തുടങ്ങിയതോടെ ഈ മേഖല രക്ഷപ്പെടുകയില്ലെന്നൊരു ധാരണ സമൂഹത്തിൽ പരന്നു. എന്നാൽ, ഓരോ സ്ഥാപനത്തിൻെറയും പരിമിതികളും പ്രശ്നങ്ങളും സാധ്യതകളും മനസ്സിലാക്കി പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കുകയും വൈദഗ്ധ്യവും അർപ്പണബോധവുമുള്ളവരെ തലപ്പത്ത് നിയമിക്കുകയും തൊഴിലാളികളുടെ വിശ്വാസം ആർജിക്കുകയും ചെയ്താൽ ഫലമുണ്ടാകുമെന്നതിനുതെളിവാണ് ഇപ്പോൾ പല സ്ഥാപനങ്ങളും കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ. ഇത്തരം കാര്യങ്ങളിൽ സവിശേഷ താത്പര്യമെടുത്ത വ്യവസായമന്ത്രി അഭിനന്ദനം അർഹിക്കുന്നു. സാമ്പത്തിക പരിഷ്കാരങ്ങളുടെ ദുഷ്ഫലങ്ങളും

# ഹൗസ് ബോട്ടുകൾ എന്ന മാലിന്യകേന്ദ്രം

■ വി.വി.വിജു

**സ്മാ**ർട്ട് സിറ്റിക്ക് മത്സ്യത്തൊഴിലാളികളുമായി എന്താണ് ബന്ധം? ബന്ധമുണ്ട്. കൊച്ചിയിൽ സ്മാർട്ട് സിറ്റിയുടെ വരവുമായി ബന്ധപ്പെട്ട് റിയൽ എസ്റ്റേറ്റ് രംഗം കുതിച്ചതോടെയാണ് ടൂറിസം ലോബി സമീപദേശങ്ങളായ അരൂർ, ആലപ്പുഴ മേഖലകളിലേക്ക് ചുവടുമാറ്റിയത്. ഇതോടെ കായലോരങ്ങളിലും ഭൂമിക്ക് ഡിമാൻഡായി.

രണ്ടുവർഷം മുമ്പ് 15,000 രൂപ വിലയുണ്ടായിരുന്ന സ്ഥലങ്ങളിൽ ഇപ്പോൾ രണ്ടു ലക്ഷം രൂപ വരെ വിലയായി. റിസോർട്ടുകൾ വന്നതോടെ ഉൾനാടൻ തൊഴിലാളികളുടെ വഴിമുട്ടി. മണ്ണഞ്ചേരി പഞ്ചായത്തിലെ പൊന്നാട് മേഖലയിൽ നാലു കിലോമീറ്ററിൽ 400 മീറ്റർ ഒഴികെ റിസോർട്ടുകളുടെ കൈയിലാണ്. ഇവർ വേലിയും മതിലും കെട്ടി ഭൂമി സംരക്ഷിച്ചതോടെ നാട്ടുവഴികൾ ഇല്ലാതായി. കായൽ മത്സ്യത്തൊഴിലാളികൾക്ക് പണിചെയ്യാൻ പറ്റാതായി. വഴിപ്രശ്നവും വയൽ നികത്തലും രൂക്ഷമായപ്പോൾ നാട്ടുകാർ ഹൈക്കോടതിയെ സമീപിച്ചു.

ഓരങ്ങൾ നഷ്ടപ്പെട്ടതോടെ ചീനവല ഉപയോഗിച്ചും പടലിട്ടും മീൻപിടിക്കാനുള്ള സൗകര്യം നഷ്ടപ്പെട്ടു. കോടന്തുരുത്ത്, കുത്തിയതോട്, തുറവൂർ എന്നിവിടങ്ങളിലെ വേമ്പനാട്ടുകായലിൻെറ ശാഖകളിൽ മീൻപിടിച്ചിരുന്നവർ ഏറെയും തൊഴിൽ ഉപേക്ഷിച്ച് വീടുംവിറ്റ് പോയി.

റിസോർട്ടുകളും ഹൗസ് ബോട്ടുകളും മാലിന്യങ്ങൾ നേരിട്ട് കായലിലേക്ക് തള്ളുന്നത് മത്സ്യസമ്പത്തിൽ ഉണ്ടാക്കുന്ന കുറവാണ് മറ്റൊരു പ്രശ്നം. സംസ്ഥാനത്ത് 846 ഹൗസ്ബോട്ടുകളും 72 ചെയർബോട്ടുകളും ഉണ്ടെന്നാണ് കണക്ക്. എന്നാൽ രജിസ്ട്രേഷൻ ഇല്ലാതെയും പുതുക്കാതെയും പ്രവർത്തിക്കുന്നവ ഉൾപ്പെടെ ഇത് ആയിരം കവിയുമെന്നാണ് അനൗദ്യോഗിക കണക്കുകൾ പറയുന്നത്. 30 വർഷംവരെ പഴക്കമുള്ള ഹൗസ് ബോട്ടുകൾ ഉണ്ടെന്ന് രണ്ടുവർഷം മുമ്പ് 'കിറ്റ്സ്' നടത്തിയ സർവേയിൽ കണ്ടെത്തിയിട്ടുണ്ട്.

ദിവസം മുഴുവൻ ചെലവഴിക്കാവുന്ന ബോട്ടുകളിൽ കിടപ്പുമുറി, ഭക്ഷണശാല, ടോയ്‌ലറ്റുകൾ എന്നിവയുണ്ടാകും. ഇവയിൽനിന്നായി ശരാശരി 3-4 കിലോഗ്രാം ജൈവമാലിന്യങ്ങൾ കായലിൽ തള്ളുന്നുണ്ട്. ഇന്ധനമായി ഉപയോഗിക്കുന്ന പെട്രോളിയം ഹൈഡ്രോകാർബണുകൾ വെള്ളത്തിൽ കലരുന്നതുമൂലം മീനുകളുടെ ജീവനുണ്ടാകുന്ന അപകടം വേറെ.

ഇതിനൊക്കെപ്പുറമെ ചില റിസോർട്ടുകളിൽനിന്നുള്ള മാലിന്യങ്ങളും കായലിലെത്തുന്നു. മലിനീകരണ നിയന്ത്രണ ബോർഡിൻെറ അനുമതിക്കായി സ്ഥാപിക്കുന്ന മാലിന്യനിർമാർജന സംവിധാനം സർട്ടിഫിക്കറ്റ് കിട്ടുന്നതോടെ നിശ്ചലമാകും.

വേമ്പനാട്ടുകായലിലെ മാലിന്യവുമായി ബന്ധപ്പെട്ട് ആലപ്പുഴയിലെ 'എട്രീ' സംഘടന നടത്തിയ പരിശോധനയിൽ ഗുരുതരമായ പ്രശ്നങ്ങളാണ് കണ്ടെത്തിയത്. പ്രതിവർഷം രണ്ടു ലക്ഷം ടൂറിസ്റ്റുകളെത്തുന്ന വേമ്പനാട്ടുകായലിൽ 250 ഹൗസ് ബോട്ടുകളും 100 മോട്ടോർ ബോട്ടുകളും പ്രവർത്തിക്കുന്നുണ്ട്. പള്ളുരുത്തി, പുന്നമട, മുഹമ്മ, തണ്ണീർമുക്കം, കുമരകം എന്നിവിടങ്ങളിൽ 2009 ഒക്ടോബർ മുതൽ ഡിസംബർ വരെ പരിശോധിച്ച സാമ്പിളുകളിൽ ഉയർന്ന ബാക്ടീരിയ സാന്നിധ്യമാണ് കണ്ടെത്തിയത്.

> **സംസ്ഥാനത്ത് 846 ഹൗസ് ബോട്ടുകളും 72 ചെയർബോട്ടുകളും ഉണ്ടെന്നാണ് കണക്ക്. എന്നാൽ രജിസ്ട്രേഷൻ ഇല്ലാതെയും പുതുക്കാതെയും പ്രവർത്തിക്കുന്നവ ഉൾപ്പെടെ ഇത് ആയിരം കവിയുമെന്നാണ് അനൗദ്യോഗിക കണക്കുകൾ പറയുന്നത്. ഇവയിൽനിന്നു കായലിലേക്ക് തള്ളുന്ന മാലിന്യം ഗുരുതരമായ പ്രശ്നങ്ങളാണുണ്ടാക്കുന്നത്**



**ദേശാടനത്തിൻെറ തീരക്കാഴ്ചകൾ-3**

മുഹമ്മ ഒഴികെ നാലിടത്തും കോളറയ്ക്ക് കാരണമായ വിബ്രിയോ കോളെറെ ബാക്ടീരിയയുടെ സാന്നിധ്യമുണ്ട്. ഈ വെള്ളത്തിൽ പാത്രം കഴുകുമ്പോഴോ കുളിക്കുമ്പോഴോ ബാക്ടീരിയ ശരീരത്തിലേക്ക് പ്രവേശിക്കാനിടയുണ്ടെന്നും റിപ്പോർട്ട് പറയുന്നു.

മനുഷ്യ വിസർജ്യത്തിൽ നിന്നുണ്ടാകുന്ന കോളിഫോം ബാക്ടീരിയയുടെ അളവ് അനുവദനീയമായതിൻെറ ഇരട്ടിയിലധികമാണ് 400 എം.പി.എൻ. ആകാവുന്നിടത്ത് 1100 എം.പി.എൻ. ആണ് കണ്ടെത്തിയത്.

വിസർജ്യം ശുദ്ധീകരിക്കുന്ന ബയോടാങ്കുകൾ ഇല്ലാത്ത ഹൗസ് ബോട്ടുകളാണ് ഇതിന് പ്രധാന കാരണമാകുന്നത്. ഇത് ഉള്ളവതന്നെ മാലിന്യങ്ങൾ സംസ്കരിക്കാതെ കായലിൽ തള്ളുകയാണ്.
ബാക്ടീരിയത്തിൻെറ മൊത്തം കണക്കാക്കുന്ന ടോട്ടൽ ബാക്ടീരിയ കൗണ്ട് (ടി.ബി.സി) വളരെ കൂടുതലാണ്. ഇത് ഉയർന്നാൽ ഹൈഡ്രജൻ സൾഫൈഡ് രൂപപ്പെടുകയും വെള്ളത്തിന് ദുർഗന്ധം ഉണ്ടാകുകയും ചെയ്യും.

മാലിന്യങ്ങളുടെ അളവ് കൂടുന്നത് മത്സ്യങ്ങളുടെ ഗുണനിലവാരത്തെയും ബാധിക്കും. വേമ്പനാട്ടുകായലിൽ സമൃദ്ധമായതും ടൂറിസ്റ്റുകളുടെ പ്രധാന ആകർഷണവുമായ കരിമീൻ, കക്ക, കൊഞ്ച് എന്നിവയുടെ വിപണനത്തെ ഇത് ബാധിക്കും.

ഇ-കോളി ബാക്ടീരിയ അധികമുള്ള മത്സ്യങ്ങളെക്കുറിച്ച് ആഹാരയോഗ്യമല്ലാത്ത മത്സ്യങ്ങൾ, 'മലിനജല മത്സ്യങ്ങൾ' എന്നിങ്ങനെ വിദേശികൾ തന്നെ ട്രാവൽ ബ്ലോഗുകളിൽ എഴുതിയിട്ടുണ്ട്.

''ഓരോ ടൂറിസ്റ്റ് സീസൺ കഴിയുമ്പോഴും കായലിലെ വെള്ളം കറുപ്പാകും. കുളിക്കാനും വസ്ത്രം കഴുകാനുമുള്ള സൗകര്യമാണ് ഇത് നഷ്ടപ്പെടുത്തുന്നത്. ഈ പ്രശ്നങ്ങൾ മൂലം ഹൗസ് ബോട്ട് യാത്ര ഉപേക്ഷിക്കാൻ നിർദേശിക്കേണ്ടിവരുന്നുണ്ട്''

'ലോൺലി പ്ലാനറ്റി'ൻെറ ബ്ലോഗുകളിൽ എറിൻ എഴുതിയ കുറിപ്പിൽ പറയുന്നു. കേരള കാർഷിക സർവകലാശാലയ്ക്കു കീഴിൽ കുമരകത്തുള്ള റീജ്യണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ (റാർസ്) 2008-ൽ നടത്തിയ പഠനത്തിൽ കായലിലെ മത്സ്യസമ്പത്ത് നേരത്തേയുള്ളതിൻെറ എട്ടുശതമാനം മാത്രമാണെന്ന് പറയുന്നു. എൺപതുകളിൽ പ്രതിവർഷം 7200 ടൺ ആയിരുന്നു മത്സ്യോത്പാദനം. 2008 അകുമ്പോഴേക്ക് ഇത് 584 ടൺ ആയി കുറഞ്ഞു. 160 മത്സ്യ ഇനങ്ങളുണ്ടായത് 50 ആയി.

കണ്ടൽക്കാടുകൾ വെട്ടിനശിപ്പിച്ചതോടെ മത്സ്യങ്ങൾക്ക് സുരക്ഷിതമായ പ്രജനന കേന്ദ്രങ്ങൾ ഇല്ലാതായതും മത്സ്യങ്ങളുടെ എണ്ണം കുറയുന്നതിന് കാരണമായിട്ടുണ്ട്.
കുമരകത്ത് കണ്ടൽക്കാടുകൾക്ക് നടുവിലാണ് കെ.ടി.ഡി.സി.യുടെ ഹോട്ടൽ.

കായലുകളിൽ എത്ര ഹൗസ് ബോട്ടുകളെ ഉൾക്കൊള്ളാനാകുമെന്ന് മനസ്സിലാക്കാൻ അതിൻെറ 'കാരിയിങ് കപ്പാസിറ്റി' കണക്കാക്കണം. അത്ര ബോട്ടുകളേ അനുവദിക്കാൻ പാടുള്ളൂ'' - ഓഫീസറായ ഡോ. ലതാഭാസ്കർ നിർദേശിക്കുന്നു.

അതേസമയം കൃഷിക്കു വേണ്ടിയുള്ള കീടനാശിനി-രാസവളപ്രയോഗവും വ്യവസായ മാലിന്യങ്ങളും മത്സ്യസമ്പത്തിനെ ബാധിക്കുന്നുണ്ടെന്ന് പരിസ്ഥിതി പ്രവർത്തകനായ കെ.വി.ദയാൽ പറയുന്നു.

*(നാളെ: ബദൽ ടൂറിസവും പരിഗണിക്കാം)*